(ബി) ഈ കാലയളവുകളിൽ ഓരോ ഗ്രാമപഞ്ചായത്തുകളും എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് മേഖല തിരിച്ച് ലഭ്യമാക്കാമോ ;

(സി) 2007-08 മുതൽ 2010-11 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ ഓരോ ഗ്രാമപഞ്ചായത്തുകൾക്കും സർക്കാർ നൽകിയിട്ടുള്ള ഫണ്ട് മേഖല തിരിച്ച് ലഭ്യമാക്കാമോ ;

(ഡി) ഈ സാമ്പത്തിക വർഷങ്ങളിൽ ഓരോ ഗ്രാമപഞ്ചായത്തുകളും ചെലവഴിച്ച തുക മേഖല തിരിച്ച് ലഭ്യമാക്കാമോ ?

ഉത്തരം

(എ-ഡി) ഗ്രാമപഞ്ചായത്തുകൾക്ക് മേഖല തിരിച്ചല്ല ഫണ്ട് ലഭ്യമാക്കുന്നത്.

ക്ഷേമ പെൻഷനുകളുടെ വാർഷിക വരുമാന പരിധി

257 (3237) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ നൽകുന്ന ക്ഷേമ പെൻഷനുകളുടെ വാർഷിക വരുമാന പരിധി എത്രയാണെന്ന് വ്യക്തമാക്കാമോ ;

(ബി) കർഷകത്തൊഴിലാളി പെൻഷന്റെ വാർഷിക പരിധി ഉയർത്താത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ) 20-6-2014- ലെ സ.ഉ (എംഎസ്.) നമ്പർ 52/2014/സാനിവ പ്രകാരം സാമൂഹ്യനീതി വകുപ്പുവഴി നടപ്പാക്കിവരുന്ന സാമൂഹ്യ സുരക്ഷാ പെൻഷൻ അർഹതയുള്ള വാർഷിക വരുമാന പരിധി ഒരു ലക്ഷം രൂപയായി നിശ്ചയിച്ച് ഉത്തരവായിട്ടുണ്ട്.

(ബി) തൊഴിലും നൈപുണ്യവും വകുപ്പുമായി ബന്ധപ്പെട്ട വിഷയമാകയാൽ വിവരം ശേഖരിച്ചുവരുന്നു.

നിർമ്മയ ഷെൽട്ടറുകൾ

258 (3238) ശ്രീ. വി. ടി. ബൽറാം :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിർഭയ ഷെൽട്ടറുകൾ ആരംഭിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതിവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(സി) ആരെല്ലാമാണ് പദ്ധതിയുമായി സഹകരിക്കുന്നതെന്ന് വിശദമാക്കാമോ ;

(ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വിശദാംശങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കാമോ ;

ഉത്തരം

(എ) ഉണ്ട്. നിർഭയ ഷെൽട്ടർ ഹോം ആരംഭിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ട്. വിവിധ സന്നദ്ധ സംഘടനകളുടെ മേൽനോട്ടത്തിൽ ഇപ്പോൾ 9 ജില്ലകളിലായി 10 ഹോമുകൾ ആരംഭിച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ രണ്ടും, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, മലപ്പുറം, ഇടുക്കി, പാലക്കാട്, വയനാട്, കാസർഗോഡ് എന്നീ ജില്ലകളിൽ ഓരോ ഹോമുകളും ആരംഭിച്ചിട്ടുണ്ട്.

(ബി) ലൈംഗിക പീഡനത്തിന് വിധേയരായി സ്വന്തം ഭവനത്തിൽ ഇടതുവാൻ കഴിയാത്ത അവസ്ഥയിലുള്ള കുട്ടികളെയും സ്ത്രീകളെയുമാണ് നിർഭയ ഷെൽട്ടർ ഹോമിൽ താമസിപ്പിക്കുന്നത്. പീഡനത്തിന് വിധേയരായ വ്യക്തികൾക്ക് മാനസികാരോഗ്യം വീണ്ടെടുക്കാനും ഇവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് തിരിച്ചുകൊണ്ടുവരാനും വിദ്യാഭ്യാസത്തിനും തൊഴിൽ പരിശീലനത്തിനും ഷെൽട്ടർ ഹോമിൽ അവസരം ഒരുക്കുന്നു. പീഡിതരുടെ സംരക്ഷണം ഉറപ്പാക്കുന്നതിനും, കാര്യക്ഷമമായ പ്രോസിക്യൂഷനും ഒരു സുരക്ഷിത സ്ഥാനം എന്ന നിലയിലാണ് നിർഭയ ഷെൽട്ടർ ഹോം പ്രവർത്തിക്കുന്നത്.

(സി) വിവിധ സന്നദ്ധ സംഘടനകളുടെ സഹകരണത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. സന്നദ്ധ സംഘടനകളുടെ വിവരം ചുവടെ ചേർക്കുന്നു :

കേരള മഹിളാ സമഖ്യ സൊസൈറ്റി	-	തിരുവനന്തപുരം, ഇടുക്കി,പാലക്കാട്, വയനാട്, മലപ്പുറം കാസർഗോഡ്
അന്വേഷി വിമൻസ് കൗൺസിലിംഗ് സെന്റർ	-	കോഴിക്കോട്
കൾച്ചറൽ അക്കാദമി ഫോർ പീസ്	-	എറണാകുളം
ബദേസ്സ ചാരിറ്റബിൾ ട്രസ്റ്റ്	-	തൃശ്ശൂർ

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പദ്ധതി നടത്തിപ്പിനായി 9 ജില്ലകളിലായി 10 ഷെൽട്ടർ ഹോമുകൾ ആരംഭിച്ചിട്ടുണ്ട്. എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നീ ജില്ലകളിൽ 3 സന്നദ്ധ സംഘടനകൾക്കും തിരുവനന്തപുരം, മലപ്പുറം, ഇടുക്കി, പാലക്കാട്, വയനാട്, കാസർഗോഡ് എന്നീ ജില്ലകളിൽ കേരള മഹിളാ സമഖ്യ സൊസൈറ്റിക്കും ഹോമുകളുടെ മേൽനോട്ട ചുമതല നൽകിയിട്ടുണ്ട്. തിരുവനന്തപുരം, വയനാട്, തൃശ്ശൂർ ജില്ലകളിലെ ഹോമുകൾ ഒഴികെ മറ്റെല്ലാ ജില്ലകളിലും വാടക കെട്ടിടങ്ങളിലാണ് ഹോമുകൾ പ്രവർത്തിക്കുന്നത്. 10 ഷെൽട്ടർ ഹോമുകളിലേക്കും മതിയായ ജീവനക്കാരെ തെരഞ്ഞെടുത്തിട്ടുണ്ട്. ഷെൽട്ടർ ഹോം ജീവനക്കാർക്ക് 4 ഘട്ടമായി പരിശീലന പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്.

പാവപ്പെട്ടവരുടെ പെൺമക്കൾക്കുള്ള വിവാഹത്തിന് ധനസഹായം

259 (3239) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമൂഹ്യസുരക്ഷാ മിഷൻ വഴി പാവപ്പെട്ടവരുടെ പെൺമക്കളുടെ വിവാഹത്തിന് ധനസഹായം അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) 2013-14, 2014-15 വർഷങ്ങളിൽ സംസ്ഥാനത്ത് എത്ര പേർക്ക് വിവാഹ ധനസഹായം അനുവദിച്ചുവെന്നും എത്ര തുക അനുവദിച്ചുവെന്നും വെളിപ്പെടുത്തുമോ ;

(സി) കോഴിക്കോട് ജില്ലയിൽ പ്രസ്തുത വർഷങ്ങളിൽ എത്ര പേർക്ക് എത്ര തുക വീതം അനുവദിച്ചുവെന്ന് പൂർണ്ണമായ മേൽവിലാസ സഹിതം അറിയിക്കുമോ ;

(ഡി) പ്രസ്തുത ധനസഹായം തുടർന്ന് നൽകുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കേരള സാമൂഹ്യ സുരക്ഷാ മിഷനും മലബാർ ഗോൾഡ് & ഡയമണ്ട്സും സംയുക്തമായി ചേർന്ന് നടപ്പിലാക്കിയിരുന്ന പദ്ധതിയാണ് പ്രത്യാശ വിവാഹ ധനസഹായ പദ്ധതി. 22 വയസ്സ് പൂർത്തിയായ 60,000 രൂപയിൽ താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക് വിവാഹത്തിന് മുമ്പ് ധനസഹായത്തിനായി അപേക്ഷിക്കാവുന്നതാണ്. നിത്യരോഗികളായവർ, അംഗപരിമിതർ, സ്ത്രീകൾ മാത്രമുള്ള കുടുംബം എന്നീ കുടുംബങ്ങളിലെ അപേക്ഷകൾക്ക് മുൻഗണന നൽകിവരുന്നു. മിഷൻ നിയോഗിക്കുന്ന കോ-ഓർഡിനേറ്റർ സ്ഥലം സന്ദർശിച്ച് നടത്തുന്ന സാമ്പത്തിക സാമൂഹിക വിശകലന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ധനസഹായം അനുവദിക്കുന്നത്.

994/2018

LIBRARY ARCHIVES Kerala Legislative Assembly